3498
16/2/18

# കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സണായ ശ്രീമതി കെ.പി.എ.സി ലളിതയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(എം.എസ്)നം.7/2018/സാം.കാ.വ തീയതി, തിരുവനന്തപുരം, 13/02/2018**

---

പരാമർശം:- കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ 26.09.2017 ലെ 1120/എൻ.പി1/2016 നമ്പർ കത്ത്

## ഉത്തരവ്

കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സണായ ശ്രീമതി.കെ.പി.എ.സി.ലളിതയ്ക്ക് ഔദ്യോഗികാവശ്യങ്ങളുമായി ബന്ധപ്പെട്ട് നിരവധി യാത്ര ചെയ്യേണ്ടി വരാറുണ്ടെന്നും നിലവിലുള്ള വാഹനം യാത്രയ്ക്ക് അനുയോജ്യമല്ലെന്നും ആയതിനാൽ ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്നും അതിന് വേണ്ട തുക ഈ വർഷത്തെ ബജറ്റിൽ വകയിരുത്തണമെന്നും കേരള സംഗീത നാടക അക്കാദമി സെക്രട്ടറി പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാങ്ങാൻ ഉദ്ദേശിക്കുന്ന വാഹനം GeM പോർട്ടലിലൂടെ ആയിരിക്കണം വാങ്ങേണ്ടതെന്ന വ്യവസ്ഥയിൽ, കേരള സംഗീത നാടക അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും 10,00,000/-(പത്ത് ലക്ഷം രൂപ മാത്രം)രൂപയും ബാക്കി തുക ആയ 6,66,380/-രൂപ (ആറു ലക്ഷത്തി അറുപത്താറായിരത്തി മുന്നൂറ്റി എൺപതു രൂപ മാത്രം) **2205-00-102-90-36(പ്ലാൻ)** എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തി അക്കാദമിയുടെ ചെയർപേഴ്സണായ ശ്രീമതി.കെ.പി.എ.സി ലളിതയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് 16,66,380/- (പതിനാറു ലക്ഷത്തി അറുപത്താറായിരിത്തി മുന്നൂറ്റി എൺപതു രൂപ) രൂപ ചിലവിൽ പുതിയ ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്ജ്**

**സെക്രട്ടറി**

സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (03/01/2018 ലെ EDN-C3/257/2016-FIN പ്രകാരം)
GA(SC) വകുപ്പ് (07.02.2018 ലെ ഇനം നമ്പർ 1904 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 07-02-2018

ഫയൽ നം.എ1/361/2016/സിഎൽഎഡി. ഇനം നം: 1904

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തമായി കാർ വാങ്ങിക്കുന്നത്.

തീരുമാനം : GeM പോർട്ടലിലൂടെ ആയിരിക്കണം വാങ്ങേണ്ടതെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു..

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

പോൾ ആന്റണി
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

9/2/18

മന്ത്രി ബണ്ഡിലയിലെ ഉത്തരവ് പ്രകാരം കരട് സ.ഉ. അംഗീകാരത്തിനായി സമർപ്പിക്കുന്നു.

9/2/18

9/2/18

9/2/18

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## (മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | : എ 1/361/2016/സി.എൽ.എ.ഡി |
| 2) | വകുപ്പ് | : സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | : കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തമായി കാർ വാങ്ങിക്കുന്നത് - സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 20/01/2018 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | : അതെ |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി.ഗീത കെ. |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീമതി.റാണിജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 1/2/2018 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.പോൾ ആന്റണി |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 2/2/2018 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 3/2/2018 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 6/2/2018 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സണായ ശ്രീമതി കെ.പി.എ.സി ലളിതയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സണായ ശ്രീമതി.കെ.പി.എ.സി.ലളിതയ്ക്ക് ഔദ്യോഗികാവശ്യങ്ങളുമായി ബന്ധപ്പെട്ട് നിരവധി യാത്ര ചെയ്യേണ്ടി വരാറുണ്ടെന്നും നിലവിലുള്ള വാഹനത്തിൽ യാത്ര ചെയ്യുന്നതിന് ആരോഗ്യ സ്ഥിതി അനുവദിക്കാത്തതിനാൽ ചെയർപേഴ്സണ് അനുയോജ്യമായ ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്നും ആയതിന് അധിക തുക ഈ വർഷത്തെ ബജറ്റിൽ വകയിരുത്തണമെന്നും കേരള സംഗീത നാടക അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

3. ഈ വിഷയത്തിൽ ധന വകുപ്പ് ആദ്യം താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

**"കേരള സംഗീത നാടക അക്കാഡമിയിൽ ഇപ്പോഴുള്ള അംബാസഡർ കാറിനു പകരം പുതിയ ഒരു കാർ വാങ്ങുന്നതിന് ധന വകുപ്പ് അംഗീകാരം നല്കുന്നു .**

**ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട് ."**

4. കേരള സംഗീത നാടക അക്കാദമി വാങ്ങിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഇന്നോവ ക്രിസ്റ്റ കാറിന്റെ മതിപ്പ് വിലയായ 16,66,380/-രൂപയിൽ (പതിനാറ് ലക്ഷത്തി അറുപത്തി ആറായിരത്തി മുന്നൂറ്റി എൺപത് രൂപ മാത്രം) പത്ത് ലക്ഷം രൂപ അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും വഹിക്കാമെന്നും ബാക്കി തുക ആയ 6,66,380/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കാമെന്നും അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

5. 2017-18 സാമ്പത്തിക വർഷത്തിൽ കേരള സംഗീത നാടക അക്കാദമിക്ക് 490 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ കാർ വാങ്ങുന്നതിനായി പ്രത്യേക തുക ബജറ്റിലോ 2017-18-ലെ പദ്ധതി രൂപരേഖയിലോ (Plan write up) ഉൾപ്പെടുത്തിയിട്ടില്ല.

6. തുടർന്ന് ഈ വിഷയത്തിൽ ഫയൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിൽ അയച്ചപ്പോൾ താഴെ പറയുംപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംഗീത നാടക അക്കാഡമിക്ക് 490 ലക്ഷം രൂപയാണ് അക്കാഡമിയുടെ വിവിധ **പരിപാടികൾക്കായി വകയിരുത്തിയിട്ടുള്ളത് ഇതിൽ വാഹനം വാങ്ങുന്നത്**

ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ വാഹനം വാങ്ങുന്നതിനുള്ള പ്രത്യേക അനുമതിയ്ക്കായി ധനകാര്യ വകുപ്പിനെ സമീപിക്കാവുന്നതാണ് എന്നറിയിച്ചുകൊള്ളുന്നു."

7. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ഫയൽ ഉപദേശത്തിനായി ധനകാര്യ വകുപ്പിലേയ്ക്കയച്ചപ്പോൾ താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സണായ ശ്രീമതി.കെ.പി.എ.സി ലളിതയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് ആകെ ആവശ്യമായ 16,66,380/- രൂപയിൽ 10 ലക്ഷം രൂപ അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും ബാക്കി തുക ആയ 6,66,380/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കുന്നതിന് ധന വകുപ്പ് പ്രത്യേക അനുമതി നല്കുന്നു . കൂടാതെ 14.03.2013 ലെ സ.ഉ.(എം.എസ്) നം.72/2013/ ജി.എ.ഡി നമ്പർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയിൽ കൂടുതലുള്ള (local ref) വാഹനമായതിനാൽ ക്യാബിനറ്റിന്റെ അനുമതി വാങ്ങേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്.

8.. കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സണിന് ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിനു മുൻപാകെ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കേരള സംഗീത നാടക അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപയും ബാക്കി തുക ആയ 6,66,380/- രൂപ 2205-00-102-90-36(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തി അക്കാദമിയുടെ ചെയർപേഴ്സണായ ശ്രീമതി.കെ.പി.എ.സി ലളിതയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് 16,66,380/- രൂപ ചിലവിൽ പുതിയ ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് അനുമതി നൽകാമോ?